സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004


### 'സന്ദീപ് വാര്യർ വന്നില്ലെങ്കിലും പാലക്കാട് ജയിക്കുമായിരുന്നു; വന്നത് വിജയം സ്ട്രോങ്ങാക്കി'

പാലക്കാട്:സന്ദീപ് വാര്യർ വന്നില്ലെങ്കിലും പാലക്കാട് യുഡിഎഫ് ജയിക്കുമായിരുന്നുവെന്ന് കോൺഗ്രസ് നേതാവ് കെ.മുരളീധരൻ. സന്ദീപ് വന്നത് കൊണ്ട് ഭൂരിപക്ഷം വർധിച്ച് വിജയം സ്ട്രോങ്ങായെന്നും മുരളീധരൻ പറഞ്ഞു. പരിചയമുള്ള ആൾ എന്ന രീതിയിലാണ് രമ്യ ഹരിദാസിനെ ചേലക്കരയിൽ സ്ഥാനാർത്ഥി ആക്കിയത്. പരാജയപ്പെടുമ്പോൾ കുറ്റപ്പെടുത്തുന്നതിൽ അർത്ഥമില്ലെന്നും മുരളീധരൻ പറഞ്ഞു. പാർട്ടി അടിത്തറ വികസിപ്പിക്കുന്നതിലാണ് പ്രധാന ശ്രദ്ധയെന്നും അദ്ദേഹം പറഞ്ഞു. പാലക്കാട് എൽഡിഎഫ് പരസ്യം നൽകിയത് അവർക്കുതന്നെ വിനയായി. ആവർത്തിക്കാതിരിക്കാൻ ശ്രമിച്ചില്ലെങ്കിൽ അവർക്ക് പാർട്ടി കൈവിട്ട് പോകും. അഖിലേന്ത്യാതലത്തിൽ നടത്തുന്ന ബിജെപി പതിപ്പാണ് കേരളത്തിൽ സിപിഎമ്മിൽനിന്നുണ്ടായതെന്നും മുരളധീരൻ കൂട്ടിച്ചേർത്തു.


സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക

Visit

Swathanthra Mandapam Online

www.swathanthramandapam.com



www.swathanthramandapam.com | വാള്യം: 59 | ലക്കം: 202 | 2024 നവംബർ 30 ശനി | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in


# എന്തിനാണ് പെൻഷനിൽ കയ്യിട്ടുവാരുന്നത് ? കർശന നടപടി വേണം: കെ മുരളീധരൻ



കോഴിക്കോട്: ക്ഷേമപെൻഷൻ നിയമവിരുദ്ധമായി കൈപ്പറ്റിയ സംഭവം സർക്കാർ ഗൗരവത്തോടെ കാണണമെന്ന് കോൺഗ്രസ് നേതാവ് കെ.മുരളീധരൻ. ഒരു ബിഎംഡബ്ല്യൂ കാറിന് വേണ്ട പെട്രോളിനുള്ള കാശിന്റെ പകുതി പോലുമില്ല 1600 രൂപ. എന്തിനാണ് അതിൽ കയ്യിട്ടുവാരുന്നത്? അത് ചെയ്യുന്നവർ നാടൻ ഭാഷയിൽ പെറുക്കികളാണെന്നും അത് അവർക്ക് കൊടുക്കുന്നവർ അതിലേറെ കഷ്ടമാണെന്നും മുരളീധരൻ പറഞ്ഞു.

ഒരു മാസം ഒരു ലക്ഷം വരുമാനമുള്ള വിദ്വാൻമാർ വെറും 1600 രൂപ വാങ്ങുകയെന്നത് മനപ്പൂർവമുള്ള ദ്രോഹമാണെന്നും സർക്കാർ ഈ വിഷയത്തിൽ ശക്തമായുള്ള നടപടി സ്വീകരിക്കണമെന്നും ഉദ്യോഗസ്ഥരുടെ വിവരങ്ങൾ പുറത്തുവിടണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

സംസ്ഥാനത്തെ ആയിരക്കണക്കിന് ആളുകൾക്ക് ആശ്വാസം ലഭിക്കുന്ന പദ്ധതിയാണ് ക്ഷേമപെൻഷൻ. ജീവിതം വഴിമുട്ടിയവർക്ക് മാസം 1600 രൂപ കിട്ടുന്ന സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയിൽ നിന്ന് പതിനായിരങ്ങൾ ശമ്പളം വാങ്ങുന്ന സർക്കാർ ജീവനക്കാർ കൈയിട്ടുവാരുന്നു എന്ന വാർത്ത കഴിഞ്ഞ ദിവസങ്ങളിലാണ് പുറത്ത് വന്നത്. ഗസറ്റഡ് ഉദ്യോഗസ്ഥർ മുതൽ കോളേജ് അധ്യാപകർ വരെയുള്ള 1458 പേരാണ് അനധികൃതമായി മാസം തോറും 1600 രൂപ കൈപ്പറ്റിക്കൊണ്ടിരിക്കുന്നത്.ധനവകുപ്പിന്റെ നിർദേശത്തിൽ ഇൻഫർമേഷൻ കേരള മിഷൻ നടത്തിയ അന്വേഷണത്തിലാണ് തട്ടിപ്പ് കണ്ടെത്തിയത്. അനധികൃതമായി കൈപ്പറ്റിയ പണം പലിശ സഹിതം തിരിച്ചുപിടിക്കുമെന്ന് ധനമന്ത്രി കെ.എൻ.ബാലഗോപാൽ കഴിഞ്ഞദിവസം വ്യക്തമാക്കുകയും ചെയ്തിരുന്നു.

പാർലമെന്റ് തിരഞ്ഞെടുപ്പ് കഴിഞ്ഞിട്ട് ആറ് മാസമായെന്നും അതിനു ശേഷം കമ്മിറ്റി കൂടിയിട്ടില്ലെന്നും തൃശ്ശൂർ പാർലമെന്റ് തിരഞ്ഞെടുപ്പ് പരാജയവുമായി ബന്ധപ്പെട്ട പാർട്ടി നടപടികളെ കുറിച്ചുള്ള ചോദ്യത്തിന് മുരളീധരൻ മറുപടി നൽകി. താൻ പരാതി പറഞ്ഞിട്ടില്ലാത്തതിനാൽ അത് താൻ അന്വേഷിക്കേണ്ട കാര്യമില്ലെന്നും പാർട്ടിയെ എങ്ങനെ താഴെത്തട്ടിൽ ശക്തിപ്പെടുത്താം എന്നാണ് ഇനി ചർച്ച ചെയ്യേണ്ടതെന്നും അദ്ദേഹം പറഞ്ഞു. തൃശ്ശൂർ ഡിസിസി പ്രസിഡന്റിന്റെ കാര്യത്തിൽ ഉടൻ തീരുമാനമെടുക്കുമെന്നും അദ്ദേഹം പറഞ്ഞു.

എസ്.ഡി.പി.ഐ സംഘടിപ്പിച്ച പരിപാടിയിൽ മുസ്ലിം ലീഗ് പ്രവർത്തക സമിതിയംഗം പങ്കെടുത്ത സംഭവത്തിൽ മുസ്ലീം ലീഗ് ഉചിതമായ നടപടി സ്വീകരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. കോൺഗ്രസ് പ്രവർത്തകരാരും അതിൽ പങ്കെടുത്തിട്ടില്ല.

പാലക്കാട് തിരഞ്ഞെടുപ്പ് ഫലം വന്നതിന് ശേഷം എസ്ഡിപിഐ ആഹ്ലാദപ്രകടനം നടത്തിയിൽ തങ്ങൾക്ക് ഉത്തരവാദിത്വമില്ലെന്നും മുരളീധരൻ പറഞ്ഞു. ഫലം പൂർണമായും വന്നതിന് ശേഷം ആഹ്ലാദപ്രകടനം നടത്താനാണ് തങ്ങൾ കാത്തിരുന്നതെന്നും അതിന് മുമ്പ് ആരെങ്കിലും ആഹ്ലാദപ്രകടനം നടത്തിയാൽ തങ്ങൾ ഉത്തരവാദികളല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ഐ.സി.യു ഡയറക്ടർ ഡോ. അഹ്മദ് കഹ്ലൂത്തിനെ ഇസ്രായേൽ കൊലപ്പെടുത്തി

ഗസ്സ: വടക്കൻ ഗസ്സയിലെ കമാൽ അദ്വാൻ ആശുപത്രിയിലെ ഐ.സി.യു ഡയറക്ടർ ഡോ. അഹ്മദ് അൽ കഹ്ലൂത്തിനെ ഇസ്രായേൽ ഡ്രോൺ ആക്രമണത്തിൽ കൊലപ്പെടുത്തി. ആശുപത്രി ഗേറ്റിലൂടെ കടക്കുമ്പോൾ ആക്രമിച്ചു കൊലപ്പെടുത്തുകയായിരുന്നു. ഗസ്സയിൽ ഇസ്രായേൽ സൈന്യം മനുഷ്യത്വരഹിത ആക്രമണം തുടരുന്നതിനിടെയാണ് ഡോ. അഹ്മദ് അൽ കഹ്ലൂത്തിനെ വധിച്ചിരിക്കുന്നത്.

ആരോഗ്യസംവിധാനങ്ങൾ പാടെ തകർത്ത വടക്കൻ ഗസ്സയിൽ പേരിനെങ്കിലും പ്രവർത്തിക്കുന്ന മൂന്ന് ആരോഗ്യകേന്ദ്രങ്ങളിലൊന്നാണ് കമാൽ അദ്വാൻ ആശുപത്രി. ഇവിടുത്തെ ഭൂരിഭാഗം ആരോഗ്യപ്രവർത്തകരെയും ഇസ്രായേൽ സൈന്യം പിടികൂടുകയോ ആശുപത്രിയിൽ നിന്ന് പുറത്താക്കുകയോ ചെയ്തിട്ടുണ്ട്.

# സിപിഎം അമ്പലപ്പുഴ ഏരിയ സമ്മേളനം വീടിന് തൊട്ടടുത്ത്; ജി സുധാകരന് ക്ഷണമില്ല



അമ്പലപ്പുഴ: മുൻ മന്ത്രിയും മുതിർന്ന നേതാവുമായ ജി സുധാകരനെ ഒഴിവാക്കി ഏരിയ സമ്മേളനം നടത്താൻ സിപിഎം. അമ്പലപ്പുഴ ഏരിയ സമ്മേളനത്തിൽ നിന്നാണ് സുധാകരനെ ഒഴിവാക്കിയത്. ഉദ്ഘാടന ചടങ്ങിലേക്കും പൊതുസമ്മേളനത്തിലേക്കും അദ്ദേഹത്തെ ക്ഷണിച്ചില്ല. ജി സുധാകരന്റെ പറവൂരിലെ വീടിന് തൊട്ടടുത്താണ് സിപിഎം ഏരിയ സമ്മേളനം നടക്കുന്നത്.

അടുത്തിടെ പാർട്ടിക്കെതിരെയുള്ള വിമർശനങ്ങൾ ജി സുധാകരന്റെ ഭാഗത്ത് നിന്ന് വന്നിരുന്നു. സിപിഎമ്മിലെ ആലപ്പുഴയിലെ യുവനേതാവായിരുന്ന ടിജെ ആഞ്ചലോസിനെ പാർട്ടിയിൽ നിന്ന് പുറത്താക്കിയത് കള്ളറിപ്പോർട്ട് ഉണ്ടാക്കിയാണെന്ന ജി സുധാകരന്റെ പ്രസ്താവന വലിയ ചർച്ചയായിരുന്നു. സിപിഐയുടെ വേദിയിൽ വച്ച് സിപിഐ നേതാവ് മുല്ലക്കര രത്നാകരന്റെ സാന്നിദ്ധ്യത്തിലായിരുന്നു ഈ പ്രസ്താവന.

കൂടാതെ സിപിഎമ്മിലെ പ്രായപരിധി നിബന്ധനയ്ക്കെതിരെയും ജി സുധാകരൻ രൂക്ഷവിമർശനം ഉന്നയിച്ചിരുന്നു. ചട്ടം കൊണ്ടുവന്നവർക്ക് അത് മാറ്റിക്കൂടെയെന്നും ഈ ചട്ടം ഇരുമ്പ് ഉലക്ക ഒന്നുമല്ലല്ലോയെന്നും അദ്ദേഹം ചോദിച്ചിരുന്നു. 75 വയസ് കഴിഞ്ഞുള്ള വിരമിക്കൽ സിപിഎമ്മിന് പ്രയോജനകരമാണോയെന്നും ജി സുധാകരൻ ചോദിച്ചു.

'പ്രത്യേക സാഹചര്യത്തിൽ നിബന്ധന കൊണ്ടുവന്നു. ഞങ്ങളെല്ലാം അംഗീകരിച്ചു. പക്ഷേ, ഇഎംഎസിന്റെയും എകെജിയുടെയും കാലത്തായിരുന്നുവെങ്കിൽ എന്തായിരുന്നു സ്ഥിതി. അവർ എന്നേ റിട്ടയർ ചെയ്തുപോകേണ്ടി വന്നേനെ. പിണറായി സഖാവിന് 75 കഴിഞ്ഞാൽ മുഖ്യമന്ത്രിയാകാൻ വേറെ ആളുവേണ്ടത് കൊണ്ട് അദ്ദേഹത്തിന് ഇളവ് കൊടുത്തു. പാർട്ടി പരിപാടിയിൽ ഇല്ലാത്ത ഒരു ചട്ടമാണ് വിരമിക്കൽ'– ജി സുധാകരൻ അന്ന് പറഞ്ഞു.

# ക്ഷേമപെൻഷൻ; അനർഹർ ആരെന്നതിൽ വ്യക്തതയില്ല, ധനകാര്യവകുപ്പ് റിപ്പോർട്ട് നൽകിയിട്ടില്ല: ഡോ. ഹനീഷ



കോട്ടയ്ക്കൽ: ക്ഷേമപെൻഷൻ കൈപ്പറ്റിയ അനർഹർ ആരെന്ന റിപ്പോർട്ട് ധനവകുപ്പ് കൈമാറിയിട്ടില്ലെന്ന് കോട്ടയ്ക്കൽ നഗരസഭാധ്യക്ഷ ഡോ. ഹനീഷ. 2021 ലെ റിപ്പോർട്ട് എന്തുകൊണ്ട് ഇത്രയും നാൾ വൈകിയെന്ന് ഹനീഷ ചോദിച്ചു. അനർഹർ ആരാണെന്നും അവർ എങ്ങനെ അനർഹരായി എന്നതിനെ കുറിച്ചുമുള്ള റിപ്പോർട്ട് ലഭിക്കണമെന്നും ഹനീഷ വ്യക്തമാക്കി.

'മാധ്യമങ്ങളിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിലാണ് പരിശോധന നടത്തുന്നത്. ധനകാര്യ വകുപ്പ് ഇതുമായി ബന്ധപ്പെട്ട് യാതൊരു റിപ്പോർട്ടും തന്നിട്ടില്ല. വീടിന്റെ സ്ക്വയർ ഫീറ്റ് അളന്ന് റിപ്പോർട്ട് സമർപ്പിക്കുക, 63 പേരുടെ പെൻഷൻ രേഖകൾ സമർപ്പിക്കുക, ക്ഷേമ പെൻഷൻ നൽകുന്നതിന് മുൻപ് പരിശോധന നടത്തിയ ഉദ്യോഗസ്ഥന്റെ പേരും വിവരവും നൽകുക എന്നീ കാര്യങ്ങളാണ് ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടത്. അതിന്റെ റിപ്പോർട്ട് നഗരസഭ സമർപ്പിച്ചിട്ടുണ്ട്'– ഹനീഷ പറയുന്നു

18 പേരെ ക്ഷേമപെൻഷൻ ലിസ്റ്റിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ബാക്കി ആളുകളുടെ കണക്കാണ് എടുക്കാനുള്ളതെന്നും ഹനീഷ പറഞ്ഞു. ഇന്നു തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ബാക്കി ആളുകളുടെ വീടുകളിലെത്തി പരിശോധിച്ച് നടപടികളെടുക്കുമെന്നും ഇവർ വ്യക്തമാക്കി. 1458 പേർ ആരെന്നതിൽ വ്യക്തത വരുത്തിയിട്ടില്ലെന്നും ഹനീഷ പറഞ്ഞു.

സംസ്ഥാനത്തെ ആയിരക്കണക്കിന് ആളുകൾക്ക് ആശ്വാസം ലഭിക്കുന്ന പദ്ധതിയാണ് ക്ഷേമപെൻഷൻ. ജീവിതം വഴിമുട്ടിയവർക്ക് മാസം 1600 രൂപ കിട്ടുന്ന സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയിൽ നിന്ന് പതിനായിരങ്ങൾ ശമ്പളം വാങ്ങുന്ന സർക്കാർ ജീവനക്കാർ കൈയിട്ടുവാരുന്നു എന്ന വാർത്ത കഴിഞ്ഞ ദിവസങ്ങളിലാണ് പുറത്ത് വന്നത്. ഗസറ്റഡ് ഉദ്യോഗസ്ഥർ മുതൽ കോളേജ് അധ്യാപകർ വരെയുള്ള 1458 പേരാണ് അനധികൃതമായി മാസം തോറും 1600 രൂപ കൈപ്പറ്റിക്കൊണ്ടിരിക്കുന്നത്.

ധനവകുപ്പിന്റെ നിർദേശത്തിൽ ഇൻഫർമേഷൻ കേരള മിഷൻ നടത്തിയ അന്വേഷണത്തിലാണ് തട്ടിപ്പ് കണ്ടെത്തിയത്. അനധികൃതമായി കൈപ്പറ്റിയ പണം പലിശ സഹിതം തിരിച്ചുപിടിക്കുമെന്ന് ധനമന്ത്രി കെ.എൻ.ബാലഗോപാൽ കഴിഞ്ഞദിവസം വ്യക്തമാക്കുകയും ചെയ്തിരുന്നു.

## സ്കൂൾ ബസിടിച്ച് ചികിത്സയിലായിരുന്ന 6 വയസുകാരി മരിച്ചു

തൃശൂർ: സ്കൂൾ ബസിടിച്ച് ചികിത്സയിലായിരുന്ന ആറ് വയസുകാരി മരിച്ചു. എരിമയൂർ സെന്റ് തോമസ് സ്കൂളിലെ ഒന്നാം ക്ലാസ് വിദ്യാർത്ഥി ത്രിതിയയാണ് മരിച്ചത്. ഇന്നലെ വൈകിട്ട് നാല് മണിയോടെയായിരുന്നു അപകടം.

സ്കൂൾ ബസിറങ്ങി റോഡ് മുറിച്ചുകടക്കുമ്പോഴായിരുന്നു അപകടമുണ്ടായത്. ഇതേ ബസ് തന്നെയാണ് കുട്ടിയെ ഇടിച്ചത്. കുട്ടി റോഡ് മുറിച്ചുകടക്കുന്നത് ഡ്രൈവർ കണ്ടില്ല. ഇതാണ് അപകടത്തിന് കാരണമായത്. ഗുരുതരമായി പരിക്കേറ്റ കുട്ടിയെ ഉടൻ കോയമ്പത്തൂരിലെ ആശുപത്രിയിലെത്തിച്ചു. ചികിത്സയിലിരിക്കെയാണ് മരണം.

അതേസമയം, എറണാകുളത്ത് കോളേജ് വിദ്യാർത്ഥികൾ സഞ്ചരിച്ച ബസ് നിയന്ത്രണം വിട്ട് മറിഞ്ഞ് മൂന്ന് പേർക്ക് പരിക്കേറ്റു. എറണാകുളം ചക്കരപ്പറമ്പിൽ ദേശീയ പാതയിലാണ് അപകടമുണ്ടായത്.തമിഴ്നാട്ടിൽ നിന്നുള്ള കോളേജ് വിദ്യാർത്ഥികളാണ് ബസിലുണ്ടായിരുന്നത്. കോയമ്പത്തൂരിൽ നിന്ന് വർക്കലയിലേക്ക് പോയ ബസാണ് അപകടത്തിൽപ്പെട്ടത്.

# ആലപ്പുഴയിൽ സി.പി.എം നേതാവ് ബി.ജെ.പിയിൽ ചേർന്നു



കായംകുളം: ആലപ്പുഴയിൽ സിപിഎം നേതാവ് ബി.ജെ.പിയിൽ ചേർന്നു. സിപിഎമ്മിന്റെ ഏരിയാ കമ്മിറ്റി അംഗവും ആലപ്പുഴ ജില്ലാ പഞ്ചായത്തംഗവുമായ ബിപിൻ സി ബാബു ആണ് ബി.ജെ.പിയിൽ ചേർന്നത്. ആലപ്പുഴയിലെ സിപിഎം വിഭാഗീയതയ്ക്കിടെയാണ് പാർട്ടി വിടുന്നത്. 2021–23 കാലയളവിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റായിരുന്നു ബിപിൻ. എസ്. എഫ്ഐ ആലപ്പുഴ ജില്ലാ സെക്രട്ടറി, ഡി.വൈ. എഫ്.ഐ ജില്ലാ പ്രസിഡന്റ് തുടങ്ങിയ പദവികളും വഹിച്ചിരുന്നു.

നേരത്തേ കരീലക്കുളങ്ങരയിൽ സത്യൻ എന്ന ഓട്ടോറിക്ഷക്കാരനെ 2001-ൽ സി.പി.എം. ആസൂത്രണംചെയ്തു കൊലപ്പെടുത്തിയതാണെന്ന് ബിപിൻ സി. ബാബു ആരോപണമുന്നയിച്ചിരുന്നു. കേസിൽ നിരപരാധിയായ തന്നെ പ്രതിയാക്കിയെന്നും ബിപിൻ പറഞ്ഞിരുന്നു. അതിനിടെ പാർട്ടി അംഗം കൂടിയായ ഭാര്യയുടെ ഗാർഹികപീഡന പരാതിയിൽ ബിപിൻ സി. ബാബുവിനെ ആറുമാസത്തേക്ക് പാർട്ടി സസ്പെൻഡ് ചെയ്തിരുന്നു. ഒക്ടോബറിൽ നടപടിയുടെ കാലാവധി അവസാനിച്ചെങ്കിലും ഇദ്ദേഹത്തെ തിരിച്ചെടുത്തില്ല. പിന്നീട് തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് പാർട്ടിയിൽ തിരിച്ചെടുത്തെങ്കിലും നേരത്തെ കായംകുളം ഏരിയ സെന്ററിൽ പ്രവർത്തിച്ചിരുന്ന ബിപിൻ ബാബുവിനോട് ബ്രാഞ്ചിൽ പ്രവർത്തിക്കാനായിരുന്നു നിർദേശിച്ചത്. ഇതിന് പിന്നാലെ മാർച്ച് 26-ന് സിപിഎം സംസ്ഥാനസെക്രട്ടറിഎം.വി. ഗോവിന്ദന് കത്തുമെഴുതി.

തനിക്കെതിരായ ആരോപണങ്ങൾക്കും നടപടികൾക്കും പിന്നിൽ പാർട്ടി സെക്രട്ടറിയറ്റ് അംഗമായ കെ.എച്ച്. ബാബുജാനാണെന്ന് ബിപിൻ ബാബു ആരോപിച്ചിരുന്നു. എം.എസ്.എം. കോളേജിലെ വ്യാജ സർട്ടിഫിക്കറ്റ് വിവാദത്തിൽ ആരോപണം നേരിട്ടയാളാണ് കെ.എച്ച്. ബാബുജാൻ. പിന്നാലെ പാർട്ടി ഏരിയ കമ്മിറ്റിയംഗമായ ബിപിന്റെ അമ്മ കെ. എൽ. പ്രസന്നകുമാരി പാർട്ടി വിട്ടിരുന്നു. ബിപിനെ ബ്രാഞ്ചിലേക്കു മാത്രം തിരിച്ചെടുത്തത് ജില്ലാ സെക്രട്ടേറിയറ്റംഗത്തിന്റെ ഇടപെടൽ മൂലമാണെന്നാണ് അവർ ആരോപിച്ചത്.

## ത്രിവർണം ചേർത്ത് ഇന്ത്യൻ ക്രിക്കറ്റ് ടീമിന് പുതിയ ജഴ്സി

മുംബൈ: ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ പുതിയ ഏകദിന ജഴ്സി പുറത്തിറക്കി. ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം ക്യാപ്റ്റൻ ഹർമൻപ്രീത് കൗറും ബിസിസിഐ സെക്രട്ടറി ജയ്ഷായും ചേർന്നാണ് അനാവരണം ചെയ്തത്. മുമ്പുണ്ടായിരുന്ന വെള്ള നിറത്തിലുള്ള മൂന്ന് ലൈനുകൾക്കൊപ്പം ത്രിവർണ നിറവും ഉൾപ്പെടുത്തിയിരിക്കുന്നതാണ് പ്രധാന മാറ്റം.

ഡിസംബർ 22ന് തുടങ്ങുന്ന വിൻഡീസിനെതിരായ പരമ്പരയിൽ വനിതാ ടീം പുതിയ ജഴ്സിയണിയും. ഇതിന് മുമ്പ് ഡിസംബർ 5ന് ഓസ്ട്രേലിയയ്ക്കെതിരെ വനിതാ ടീമിന് 3ഏകദിനങ്ങളുടെ പരമ്പരയുണ്ടെങ്കിലും നിലവിലെ ജഴ്സിയിലാകും ടീം കളത്തിലിറങ്ങുക. ഫെബ്രുവരിയിൽ ആരംഭിക്കുന്ന ഇംഗ്ലണ്ടിനെതിരായ പരമ്പരയിലാകും പുരുഷ ടീം പുതിയ ജഴ്സിയിലെത്തുക.


## ക്ഷേമപെൻഷൻ; ആദ്യഘട്ട അന്വേഷണം പുരോഗമിക്കുന്നു, റിപ്പോർട്ടുകളിൽ നടപടിയുണ്ടാകും: മന്ത്രി

തിരു : ക്ഷേമപെൻഷനുമായി ബന്ധപ്പെട്ട ചില റിപ്പോർട്ടുകൾ വന്നിട്ടുണ്ടെന്നും വേണ്ട നടപടികൾ സ്വകരിക്കാനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ച് കൊടുത്തിട്ടുണ്ടെന്നും ധനകാര്യമന്ത്രി കെ.എൻ ബാലഗോപാൽ.

തെറ്റായ കാര്യങ്ങൾ ആരും ചെയ്യാൻ പാടില്ലെന്ന ഉദ്ദേശമാണുള്ളത്. അതിനായി വേണ്ട നടപടികൾ സ്വീകരിക്കാനുള്ള നിർദേശം ധനകാര്യവകുപ്പ് നിർദിഷ്ട വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട സ്ഥാപനങ്ങൾ വേണ്ട നടപടികൾ ചെയ്യുമെന്നും പ്രതീക്ഷിക്കുന്നുവെന്നും ആദ്യഘട്ട അന്വേഷണം പുരോഗമിക്കുകാണെന്നും ബാലഗോപാൽ മാധ്യമങ്ങളോട് പറഞ്ഞു.

ധനവകുപ്പിന്റെ ഉത്തരവാദിത്തം കൃത്യമായി നടത്തുന്നുണ്ടെന്നും വ്യാജരേഖകൾ ചമച്ചുവെങ്കിൽ നടപടിയുണ്ടാവുമെന്നും അദ്ദേഹം വ്യക്തമാക്കി.എല്ലാ വർഷവും മസ്റ്ററിങ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഏറ്റവും അർഹതപ്പെട്ട സാധാരണക്കാർക്ക് ഇത് കിട്ടണമെന്നും അതിൽ തടസ്സമുണ്ടാവരുതെന്നും മന്ത്രി പറഞ്ഞു.

# ആസാം സ്വദേശിനിയെ കൊന്നശേഷം കണ്ണൂരുകാരനായ 21കാരൻ ആത്മഹത്യയ്ക്ക് ശ്രമിച്ചു



ബംഗളൂരു: ആസാം സ്വദേശിനിയായ വ്ളോഗർ മായ ഗൊഗോയിയുടെ (19) കൊലപാതകത്തിൽ കുറ്റം സമ്മതിച്ച് പ്രതി കണ്ണൂർ സ്വദേശി ആരവ് ഹനോയ്. കണ്ണൂർ തോട്ടട സ്വദേശിയാണ് 21കാരനായ ആരവ്. ഇക്കഴിഞ്ഞ ചൊവ്വാഴ്ചയാണ് ബംഗളൂരു ഇന്ദിരാനഗർ സെക്കൻഡ് സ്റ്റേജിലെ റോയൽ ലിവിംഗ്സ് അപ്പാർട്ട്മെന്റിൽ മായയെ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തിയത്. അപ്പാർട്ട്മെന്റിൽവച്ച് മായയുമായി തർക്കമുണ്ടായെന്നും കൊലയ്ക്കുശേഷം ആത്മഹത്യയ്ക്ക് ശ്രമിച്ചെന്നുമാണ് ആരവ് പൊലീസിന് മൊഴി നൽകിയിരിക്കുന്നത്.

ഡേറ്റിംഗ് ആപ്പിലൂടെയാണ് ഇരുവരും സൗഹൃദത്തിലാവുന്നത്. മായയ്ക്ക് മറ്റൊരാളുമായി ബന്ധമുണ്ടെന്ന സംശയമാണ് കൊലയിലേയ്ക്ക് നയിച്ചത്. ഇതുമായി ബന്ധപ്പെട്ട് ഇരുവരും തമ്മിൽ തർക്കമുണ്ടായിരുന്നു. ആരവ് ഓൺലൈനിൽ നിന്ന് കയറും കത്തിയും വാങ്ങി സൂക്ഷിച്ചിരുന്നു. അപ്പാർട്ട്മെന്റിലെത്തിയതിനുശേഷം ഇരുവരും തമ്മിൽ തർക്കമുണ്ടായി. പിന്നാലെ ആരവ് മായയുടെ കഴുത്തിൽ കയർ കുരുക്കി കൊലപ്പെടുത്തുകയായിരുന്നു.

മരണം ഉറപ്പാക്കാൻ കത്തി കൊണ്ട് കുത്തുകയും ചെയ്തു. തുടർന്ന് മുറിയിലെ ഫാനിൽ മായയെ കൊലപ്പെടുത്തിയ അതേ കയർ ഉപയോഗിച്ച് ജീവനൊടുക്കാൻ ശ്രമിച്ചു. ഇത് മുറുകാതെ വന്നതിനാൽ ശ്രമം ഉപേക്ഷിക്കുകയായിരുന്നുവെന്നും യുവാവ് മൊഴി നൽകി. ചോദ്യം ചെയ്യലിനിടെ കടുത്ത വിഷാദരോഗത്തിന്റെ ലക്ഷണങ്ങൾ ആരവ് പ്രകടിപ്പിച്ചതായി പൊലീസ് പറയുന്നു. മാനസിക വിദഗ്ദ്ധന്റെ സേവനം തേടിയതിനുശേഷമാകും ചോദ്യം ചെയ്യൽ തുടരുകയെന്നും പൊലീസ് വ്യക്തമാക്കി.

ബംഗളൂരുവിൽ നിന്ന് രക്ഷപ്പെട്ട ആരവ് ആദ്യം ഉത്തര കർണാടകയിലെ റെയ്ച്ചൂരിലേയ്ക്കാണ് പോയത്. അവിടെ ഒരു ദിവസം തങ്ങിയതിനുശേഷം മദ്ധ്യപ്രദേശിലേയ്ക്ക് കടന്നു. തുടർന്ന് വാരാണസിയിൽ എത്തി. ഇവിടെവച്ച് കണ്ണൂർ തോട്ടടയിലെ വീട്ടിലേക്ക് വിളിച്ച് മുത്തച്ഛനുമായി സംസാരിച്ചു. കീഴടങ്ങാൻ മുത്തച്ഛൻ ആവശ്യപ്പെട്ടത് സമ്മതിച്ച ആരവ് പൊലീസിനെ വിളിച്ച് കീഴടങ്ങാമെന്ന് അറിയിക്കുകയായിരുന്നു. ബംഗളൂരുവിലേയ്ക്ക് മടങ്ങിയെത്താൻ പൊലീസ് നിർദേശിച്ചതിനെത്തുടർന്ന് തിരികെയെത്തിയ ആരവിനെ കെംപഗൗഡ അന്താരാഷ്ട്ര വിമാനത്താവളത്തിൽവച്ചാണ് പൊലീസ് പിടികൂടിയത്.

കഴിഞ്ഞ 23ന് വൈകിട്ടോടെയാണ് മായയും ആരവും മുറിയെടുത്തത്. ഞായറാഴ്ചയും തിങ്കളാഴ്ചയും മുറിയിൽ ചെലവഴിച്ച ആരവ് ചൊവ്വാഴ്ച രാവിലെ 8മണിക്ക് ശേഷമാണ് പുറത്തുപോയത്. ഇതിനു പിന്നാലെ മുറിയിൽ നിന്ന് ദുർഗന്ധം വമിക്കുന്നത് ശ്രദ്ധയിൽപ്പെട്ട ജീവനക്കാർ മറ്റൊരു താക്കോൽ ഉപയോഗിച്ച് മുറി തുറന്നതോടെയാണ് യുവതിയെ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തിയത്. അഴുകിത്തുടങ്ങിയ നിലയിലായിരുന്നു മൃതദേഹം.


## കോടതി പരസ്യം

### ബഹു. തൃശൂർ മുൻസിഫ് കോടതി മുമ്പാകെ

OS: 3141/2018, IA: 2/2021

ഷോഗൺ കുറീസ് പ്രൈ വറ്റ് ലിമിറ്റഡ്

-അന്യായം/ഹരജി

1) ചാവക്കാട് താലൂക്ക് ഗുരുവായൂർ വില്ലേജ്, കാരക്കാട് ദേശം, കുറുപ്പംവീട്ടിൽ കുഞ്ഞുമോൻ മകൻ ഷെ ബീർ

2) ടി താലൂക്ക് വെങ്കിടങ്ങ് വില്ലേജ്, കണ്ണോത്ത് ദേശത്ത്, മമ്മസ്രയില്ലത്ത് സലിം ഭാര്യ റാഫിയ

- പ്രതികൾ/

എതൃകക്ഷികൾ D2, D3

മേൽ നമ്പറിലെ 2, 3 പ്രതികൾക്കുള്ള/എതൃകക്ഷികൾക്കുള്ള നോട്ടീസ് വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്താൻ കല്പിച്ച് കേസ് **01-02-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ഈ കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപപം ഉണ്ടെങ്കിൽ അന്നേദിവസം കാലത്ത് 11 മണിക്ക് രണ്ടാം അഡീഷ് ണൽ മുൻസിഫ് കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണഅടതാണെന്നും അല്ലാത്തപക്ഷം താങ്കളെ കൂടാതെ കേസ് വിധിയാകുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 29-11-2024

അന്യായം/ഹരജിഭാഗം അഡ്വക്കേറ്റ്

**എം വി ഗോപാലകൃഷ്ണൻ** (ഒപ്പ്)


## വിദ്യാർഥി ആറ്റിൽ മുങ്ങി, പേടിച്ച് പുറത്തുപറയാതെ കൂട്ടുകാർ; മൃതദേഹം കണ്ടെത്തിയത് ഒരാഴ്ചക്ക് ശേഷം



ചാത്തന്നൂർ: ഇത്തിക്കരയാറ്റിൽ കാണാതായ പതിനേഴുകാരനെ മരിച്ചനിലയിൽ കണ്ടെത്തി. കല്ലുവാതുക്കൽ വരിഞ്ഞം കാരൂർകുളങ്ങര തുണ്ടുവിള വീട്ടിൽ രവിയുടേയും അംബികയുടേയും മകൻ അച്ചുവാണ് മരിച്ചത്. കഴിഞ്ഞ 23ന് അച്ചുവിനെ കാണാനില്ലെന്ന് ബന്ധുക്കൾ പാരിപ്പള്ളി പോലീസിൽ പരാതി നൽകിയിരുന്നു. കൂട്ടുകാരുമൊത്ത് ഇത്തിക്കരയാറ്റിൽ കല്ലുവാതുക്കൽ മണ്ണയത്ത് കുളിക്കാനിറങ്ങിയതാണ് അച്ചുവെന്ന് പോലീസ് പറയുന്നു.

കുളിക്കുന്നതിനിടെ കയത്തിലകപ്പെട്ടതോടെ മൂന്ന് കുട്ടികളും ഭയന്ന് തിരികെ പോയി. അച്ചുവിനെ കണ്ടെത്തുന്നതിനായി അന്വേഷണം ആരംഭിച്ചെങ്കിലും ആറ്റിലകപ്പെട്ട കാര്യം ഇവർ ആരോടും പറഞ്ഞില്ല. പോലീസ് ചോദിച്ചെങ്കിലും തങ്ങൾക്കൊപ്പം സമീപത്തെ ക്ഷേത്രത്തിൽ അയ്യപ്പൻകഞ്ഞി കുടിക്കാനെത്തിയെന്നും പിന്നീട് കണ്ടില്ലെന്നുമാണ് മൊഴി നൽകിയത്. അന്വേഷണം നടക്കുന്നതിനിടയിൽ കഴിഞ്ഞ ദിവസം കൂട്ടുകാർ തങ്ങളുടെ അധ്യാപകരോട് അച്ചുവുമൊത്ത് കളിക്കാൻ പോയ വിവരം വെളിപ്പെടുത്തി. ഈ വിവരം പ്രധാനധ്യാപിക പാരിപ്പള്ളി പോലീസിൽ അറിയിച്ചു. തുടർന്ന് മണ്ണയം ഭാഗത്ത് ആറ്റിൽ നടത്തിയ പരിശോധനയിൽ മുളങ്കാടുകൾക്കിടയിൽ അച്ചുവിന്റെ മൃതദേഹം കണ്ടെത്തി. പരവൂരിൽ നിന്നുള്ള അഗ്നിരക്ഷാസേനയും സ്കൂബാ ടീമും ചേർന്ന് മൃതദേഹം കരയ്ക്കെടുത്തു.

പോലീസ് ഇൻക്വസ്റ്റ് തയ്യാറാക്കിയശേഷം മൃതദേഹ പരിശോധനയ്ക്കായി പാരിപ്പള്ളി മെഡിക്കൽ കോളേജ് മോർച്ചറിയിലേക്ക് മാറ്റി. പാരിപ്പള്ളി ഇൻസ്പെക്ടർ നിസാർ, സബ് ഇൻസ്പെക്ടർമാരായ നിഥിൻ നളൻ, ജയപ്രകാശ്, പ്രകാശ് എന്നിവരുടെ നേതൃത്വത്തിലാണ് അന്വേഷണം നടത്തിയത്.


## കോടതി പരസ്യം

### ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ

Succession OP: 23/2024

1) ഉമാദേവി പി വി. 58 വയസ്, പെൻഷണർ W/o. Late എ. രാഘവൻ 'Sreelakam, പാട്ടമാളി റോഡ്, ഇരിങ്ങാലക്കുട വില്ലേജ്, മുകുന്ദപുരം താലൂക്ക്

2) ഹേമ രാഘവൻ പി വി 33 വയസ് W/o. Late എ. രാഘവൻ 'Sreelakam, പാട്ടമാളി റോഡ്, ഇരിങ്ങാലക്കുട വില്ലേജ്, മുകുന്ദപുരം താലൂക്ക് എന്നവർക്ക് വേണ്ടി മുക്ത്യാറുകാരി ഉമാദേവി പി വി, 58 വയസ്, പെൻഷണർ W/o. Late എ. രാഘവൻ 'Sreelakam, പാട്ടമാളി റോഡ്, ഇരിങ്ങാലക്കുട വില്ലേജ്, മുകുന്ദപുരം താലൂക്ക്

3) മനു രാഘവൻ പി വി, 24 വയസ്, വിദ്യാർത്ഥി, S/o. Late എ. രാഘവൻ 'Sreelakam, പാട്ടമാളി റോഡ്, ഇരിങ്ങാലക്കുട വില്ലേജ്, മുകുന്ദപുരം താലൂക്ക്

- ഹരജിക്കാർ

എതൃകക്ഷികൾ -ഇല്ല

**ബഹുമാനപ്പെട്ട കോടതി നിർദ്ദേശാനുസരണം അറിയിക്കുന്നത്:**

ഹരജിക്കാർ 6-10-2024 തിയ്യതി അന്തരിച്ച എ രാഘവൻ S/o. സി അപ്പുവാര്യർ, ഇരിങ്ങാലക്കുട എന്നവരുടെ ഭാര്യയും മക്കളും ആണ്. ഹരജിക്കാരെ കൂടാതെ എ രാഘവന് മറ്റ് പിന്തുടർച്ചാവകാശികൾ ഇല്ല. SBI ഇരിങ്ങാലക്കുട ടൗൺ ബ്രാഞ്ചിൽ ഉള്ള SB Account No. 57069940078 ൽ ഉള്ള ഡെപ്പോസിറ്റ് ഉള്ള 10,122/- രൂപയും പലിശയും Dhanalaxmi Bank തൃശൂർ റൗണ്ട് സൗത്ത് ബ്രാഞ്ചിൽ ഉള്ള SB Account No. 001500100036531ൽ ഉള്ള ഡെപ്പോസിറ്റ് ഉള്ള 9,565/-രൂപയും പലിശയും, 2011ലെ Oil & Natural Gas Corporation Ltdൽ ഉള്ള ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 478795,3634,963250 പ്രകാരം 5 രൂപ Face value വരുന്ന 108 ഷെയർ (540/-രൂപ) ഉം ഹരജിക്കാർക്ക് മാത്രം അവകാശപ്പെട്ടതാണ്. ആയത് വാങ്ങിയെടുക്കാൻ 1-ാം ഹരജിക്കാരിയെ അധികാരപ്പെടുത്തി Succession Certificate അനുവദിച്ച് കിട്ടാൻ ഹരജി ബോധിപ്പിച്ചിട്ടുണ്ട്. ആയത് **16-12-2024** തിയ്യതിക്ക് വെച്ചിരിക്കുന്നു. ഇക്കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപം ബോധിപ്പിക്കാൻ ഉണ്ടെങ്കിൽ 16-12-2024 തിയ്യതി രാവിലെ 11 മണിക്ക് ഇരിങ്ങാലക്കുട പ്രിൻസിപ്പൽ മുൻസിഫ് കോടതിയിൽ നേരിട്ടോ അധികാരപ്പെട്ട ഏജന്റ് മുഖാന്തിരമോ ഹാജരാകണമെന്നും അല്ലാത്തപക്ഷം ആർക്കും ആക്ഷേപമില്ലെന്ന് കണക്കാക്കി ഹരജി അനുവദിക്കാനിടയുള്ളതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

എന്ന്, 22-11-2024

ഹരജിഭാഗം അഡ്വക്കേറ്റ്

**രാജേഷ് തമ്പാൻ** (ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# 'ആകാശപാതയോടുള്ള അവഗണന ഊരാളുങ്കലിനെ പണി ഏൽപ്പിക്കാത്തത്; ബോധപൂർവം തകർക്കാൻ ശ്രമിക്കുന്നു'



കോട്ടയം: ആകാശ പാതയുടെ മേൽക്കൂര പൊളിച്ചുമാറ്റണമെന്ന റിപ്പോർട്ടിന് പിന്നാലെ സർക്കാർ രാഷ്ട്രീയ പ്രതികാരം ചെയ്യുകയാണെന്ന് തിരുവഞ്ചൂർ രാധാകൃഷ്ണൻ. ആകാശ പാത പൊളിച്ചു മാറ്റാനായി സർക്കാർ ഓരോ പുതിയ കാരണങ്ങൾ കണ്ടെത്തുകയാണെന്നും അദ്ദേഹം പറഞ്ഞു. കോട്ടയത്ത് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. ഊരാളുങ്കലിന് ആകാശ പാതയുടെ പണി നൽകാമോയെന്ന് അനൗദ്യോഗികമായി സർക്കാരിന്റെ ഭാഗത്ത് നിന്ന് ചോദിച്ചിരുന്നുവെന്നും തിരുവഞ്ചൂർ വ്യക്തമാക്കി.

'സർക്കാരിന് എന്തുവേണമെങ്കിലും ചെയ്യാം പക്ഷേ അത് നീതിയാണോയെന്ന് പരിശോധിക്കണം. ഇതിന്റെ കേസ് ഹിസ്റ്ററി പരിശോധിക്കുകയാണെങ്കിൽ 2016ൽ പാതയുടെ പണി ആരംഭിച്ചതാണ്. അതിന് മുൻപ് 2015ൽ എഎസും ടിഎസും കൊടുത്ത കേസാണിത്. എഎസും ടിഎസും കൊടുത്ത് നിയമപരമായി ഒരു ഏജൻസിയെ ഏൽപ്പിച്ചു. ആ ഏജൻസി ടെന്റർ വിളിച്ച് പുറത്തൊരു വർക്ക് കൊടുത്ത് ആ വർക്കിന്റെ 50 ശതമാനം പൂർത്തിയാക്കി. അതിന് ശേഷം അവർ ചെയ്ത പണിക്കുള്ള ശമ്പളവും വാങ്ങി. ഇപ്പോൾ പറയുന്നു ഇത് നയപരമായ പ്രശ്നമാണെന്ന്. ഈ അപ്രായോഗികത ഇപ്പോഴല്ല പറയേണ്ടത്'. - തിരുവഞ്ചൂർ വ്യക്തമാക്കി.

സർക്കാരിന് കോടതി നൽകിയ നിർദേശങ്ങളിൽ ഉത്തരമില്ലെന്നും കോടതിക്ക് പുറത്താണ് പ്രഖ്യാപനങ്ങൾ നടത്തുന്നതെന്നും തിരുവഞ്ചൂർ ആരോപിച്ചു

'കോടതിയിൽ നടക്കുന്ന ഈ കേസ് കോടതിയെ അറിയിക്കാതെ പുറത്താണ് പ്രഖ്യാപനങ്ങൾ നടത്തുന്നത്. കോടതിയിൽ നിന്ന് 7 പ്രാവശ്യം ആവർത്തിച്ച് നിർദേശങ്ങൾ വന്നിരുന്നു. ആ നിർദേശങ്ങൾക്കൊന്നും സർക്കാർ ഉത്തരം നൽകിയില്ല. ബോധപൂർവ്വം ഇത് തകർക്കാനുള്ള പരിശ്രമമാണ് നടക്കുന്നത്'. - തിരുവഞ്ചൂർ പറഞ്ഞു

കോട്ടയം ജില്ലയുടെ വികസനപ്രവർത്തനങ്ങൾ സർക്കാർ ചവിട്ടിപിടിക്കുകയാണെന്ന് തിരുവഞ്ചൂർ പറഞ്ഞു. എംഎൽഎ ഫണ്ടുകൾ ഉപയോഗിച്ചാണ് ഞങ്ങൾ ചില പണികളെങ്കിലും പൂർത്തിയാക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

കിറ്റ്കോയ്ക്ക് പകരം ഊരാളുങ്കലിനെ ഏൽപ്പിക്കാത്തതിനാലാണ് ഈ സർക്കാർ ആകാശ പാതയെ തകർക്കാൻ നോക്കുന്നതെന്നും തിരുവഞ്ചൂർ ആരോപിച്ചു.

'ഇതിന്റെ പണി ഊരാളുങ്കലിന് കൊടുക്കാമോയെന്ന് അനൗദ്യോഗികമായി അവർ എന്നോട് ചോദിച്ചിട്ടുണ്ട്. ഏജൻസി ഏതായാലും പണി തീർക്കുകയെന്നാണ് ഞങ്ങളുടെ ഉദ്ദേശ്യം എന്നാൽ ആദ്യം തന്നെ കിറ്റ്കോയെ ഏൽപ്പിച്ച പണി എങ്ങനെയാണ് ഊരാളുങ്കലിനെ ഏൽപ്പിക്കുന്നത്. കിറ്റ്കോയ്ക്ക് പാർട്ട് പേയ്മെന്റ് നടത്തി പകുതിക്ക് ശേഷം ഊരാളുങ്കലിന് കൊടുക്കണമെന്ന് പറയുന്നത് ശരിയല്ല. ഊരാളുങ്കലിലെങ്കിൽ ഇല്ലെങ്കിൽ ഇത് പൊട്ടിച്ചുകളയുമെന്ന നിലപാടാണ് സർക്കാരിന്. കോട്ടയം പട്ടണത്തോട് അനീതി കാണിക്കരുത്. ബലമില്ലെന്ന് പറയുന്നത് വരെ പരിശോധന നടത്തുകയെന്ന് നിലപാടാണ് സർക്കാരിനുള്ളത്. ഒൻപത് കൊല്ലമായി ഒരു ലിറ്റർ പെയിന്റ് പോലും അടിക്കാത്ത ആ സാധനം അതുപോലെ തന്നെ നിൽക്കുന്നുണ്ട്. അടിത്തൂണുകളെ കുറിച്ച് ഇപ്പോഴും ആക്ഷേപമില്ല. ഓണം വരാനൊരു മൂലം വേണ്ടേയെന്ന് പറഞ്ഞത് പോലെ പൊളിക്കാനായി കാരണം കണ്ടെത്തുകയാണ് സർക്കാർ'. തിരുവഞ്ചൂർ നിലപാട് വ്യക്തമാക്കി

# കെ എ സി എ മെമ്പേഴ്സ് ഡയറക്ടറി പ്രകാശനം ഇന്ന്


ജസ്റ്റിസ് സോഫി തോമസ്


കെ ഇ സാലിഹ്


രമ്യ മേനോൻ

തൃശൂർ: കേരള അഡ്വക്കെറ്റ് ക്ലർക്ക്സ് അസോസിയേഷൻ തൃശൂർ യൂണിറ്റ് മെമ്പേഴ്സ് ഡയറക്ടറി പ്രകാശനം ഇന്ന് വൈകീട്ട് 3.30ന് കെ എ സി എ ഹാളിൽ നടക്കുന്ന ചടങ്ങിൽ ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് സോഫി തോമസ് നിർവ്വഹിക്കും. യൂണിറ്റ് പ്രസിഡണ്ട് കെ എ സുധീരന്റെ അധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ അഡീഷ്ണൽ ഡിസ്ട്രിക്ട് & സെഷൻസ് ജഡ്ജ് കെ ഇ സാലിഹ് മുഖ്യപ്രഭാഷണം നടത്തും.

ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് രമ്യ മേനോൻ, ബാർ അസോസിയേഷൻ പ്രസിഡണ്ട് അഡ്വ. ജോൺസൺ ടി തോമസ്, ജില്ലാ ഗവ. പ്ലീഡർ അഡ്വ. സുനിൽകുമാർ, കെ എ സി എ സംസ്ഥാന സെക്രട്ടറി പി വി സന്തോഷ്, സംസ്ഥാന കമ്മിറ്റി അംഗം സി പി പോൾസൺ, ജില്ലാ സെക്രട്ടറി വി. വിശ്വനാഥൻ, ജില്ലാ കമ്മിറ്റി അംഗം പി കെ സന്തോഷ്, യൂണിറ്റ് വൈസ് പ്രസിഡണ്ട് പി കെ പ്രദീപ്കുമാർ, യൂണിറ്റ് ട്രഷറർ ചിന്തു ചന്ദ്രൻ എന്നിവർആശംസാ പ്രസംഗം നടത്തും. യൂണിറ്റ് സെക്രട്ടറി കെ കെ വിശ്വംഭരൻ സ്വാഗതവും ജോ. സെക്രട്ടറി എ എം അഭിലാഷ് നന്ദിയും പറഞ്ഞു.

## അന്താരാഷ്ട്ര ഭിന്നശേഷി ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഡിസംബർ 3ന് തൃശൂരിൽ

തൃശൂർ: സാമൂഹ്യ സാമൂഹ്യ നീതി വകുപ്പ്, ഈ വർഷത്തെ അന്താരാഷ്ട്ര ഭിന്നശേഷി ദിനാഘോഷത്തിന്റെ സംസ്ഥാനതല പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം ഡിസംബർ 3, രാവിലെ 10.00 മണിയ്ക്ക് തൃശ്ശൂർ വി കെ എൻ മേനോൻ ഇൻഡോർ സ്റ്റേഡിയത്തിൽ ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി ആർ ബിന്ദു നിർവ്വഹിയ്ക്കും. പ്രസ്തുത പരിപാടിയിൽ ഭിന്നശേഷി മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംസ്ഥാന ഭിന്നശേഷി അവാർഡ് വിതരണവും നടത്തും. ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട സ്പെഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടേയും 'റിഥം' ട്രൂപ്പിന്റെയും വിവിധ കലാപരിപാടികളും ഇതിന്റെഭാഗമായി ഉണ്ടായിരിക്കും.

# കൊല്ലം കളക്ടറേറ്റിൽ നാച്ച്യുറോപ്പതി ദിനാഘോഷം നടത്തി




നാഷണൽ ആയുഷ് മിഷൻ കൊല്ലം കളക്ടറേറ്റിൽ നാച്യുറോപ്പതി ദിന ആഘോഷം നടത്തി.പരിപാടിയുടെ ഭാഗമായി കളക്ടറേറ്റ് ജീവനക്കാർക്ക് ആരോഗ്യ ക്ലാസും മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു. ഡോ. എ അഭിലാഷ്,ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസർ,ഭാരതീയ ചികിത്സാ വകുപ്പ്, കൊല്ലം അദ്ധ്യക്ഷത വഹിച്ച യോഗം കൊല്ലം ജില്ലാ കളക്ടർ ശ്രീ ദേവീദാസ് എൻ, ഐ എ എസ് ഉല്ഘാടനം ചെയ്തു.ഡോ.ദേവ്കിരൺ ,ജില്ലാ പ്രോഗ്രാം മാനേജർ,നാഷണൽ ഹെൽത്ത് മിഷൻ;ഡോ.ദിനേശ് കർത്ത, ഇന്ത്യൻ നാച്ചൂറോപ്പതി ആൻഡ് യോഗ ഗ്രാജുവേറ്റ് മെഡിക്കൽ അസോസിയേഷൻ കേരള ചാപ്റ്റർ പ്രസിഡന്റ് എന്നിവർ ആശംസകൾ അർപ്പിച്ചു. ഡോ ഷൈജു കേ എസ്,ഉജ്ജ,ചഅങ,തിരുവനന്തപുരം ഒഡവൾക്കരണ ക്ലാസ് എടുത്തു ഡോ ശ്രീജിത്ത് ആർ, ഡോ ശ്രീരാജ് എസ് ആർ എന്നിവർ മെഡിക്കൽ ക്യാമ്പിന് നേതൃത്വം നൽകി. ഡോ പൂജാ പി,ഉജ്ജ ,ചഅങ, കൊല്ലം സ്വാഗതവും ഡോ സോണിയ അനു,ങഛ ,ചഅങ, കൊല്ലം നന്ദിയും രേഖപ്പെടുത്തി.

## കാർഷിക യന്ത്രങ്ങളുടെ സർവ്വീസ് ക്യാമ്പ് ഇരിങ്ങാലക്കുടയിൽ ഡിസംബർ 3ന്

ഇരിങ്ങാലക്കുട : കാർഷിക വികസന കർഷകക്ഷേമവകുപ്പ് 2024- 25 വാർഷിക പദ്ധതിയുടെ ഭാഗമായി ഇരിങ്ങാലക്കുട ബ്ലോക്കിലെ കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കുമായി കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് ഡിസംബർ 3ന് സർവ്വീസ് ക്യാമ്പ് സംഘടിപ്പിക്കും.

രാവിലെ 10 മണി മുതൽ 1 മണി വരെ റിപ്പയർ ചെയ്യേണ്ട കാർഷിക യന്ത്രം, ആധാർ കാർഡിന്റെ കോപ്പി, ബാങ്ക് പാസ്സ് ബുക്കിന്റെ കോപ്പി എന്നിവയുമായി ഇരിങ്ങാലക്കുട എ ഡി എ ഓഫീസിൽ (സെന്റ് ജോസഫ്സ് കോളെജിന് എതിർ വശം) എത്തിച്ചേരേണ്ടതാണ്.

മൈനർ (1000 രൂപയ്ക്ക് താഴെയുള്ളവ) റിപ്പയറുകൾ സൗജന്യമായി ചെയ്ത് ലഭിക്കുന്നതാണ്. മേജർ (1000 രൂപയ്ക്ക് മുകളിലുള്ള) റിപ്പയറുകൾക്ക് 25% വരെ ധനസഹായം (സ്പെയർ പാർട്ടുകൾക്ക് പരമാവധി 2500 രൂപയും റിപ്പയർ ചാർജ്ജുകൾക്ക് പരമാവധി 1000 രൂപയും) ലഭിക്കും.

കൂടുതൽ വിവരങ്ങൾക്കും അപേക്ഷ ഫോമുകൾക്കും അതത്കൃഷിഭവനുമായോ തൃശ്ശൂർ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ കാര്യാലയവുമായോ ബന്ധപ്പെടുക.

പൂരിപ്പിച്ച അപേക്ഷ ഫോമുകൾ 7907004779, 9946202854 എന്നീ നമ്പറുകളിലേക്ക് വാട്സ് ആപ്പ് ചെയ്യുകയോ അല്ലെങ്കിൽ aeeagritsr@gmail.com എന്നതിലേക്ക് മെയിൽ അയക്കുകയോ ചെയ്യാവുന്നതാണ്.

# മസ്തിഷ്കാരോഗ്യം വർധിപ്പിക്കുന്നതിൽ ന്യൂറോപ്ലാസ്റ്റിസിറ്റിയുടെ പങ്ക്: മുഖ്യപ്രഭാഷണം സംഘടിപ്പിച്ചു



ഇരിങ്ങാലക്കുട: സെന്റ് ജോസഫ്സ് കോളേജ് ജന്തുശാസ്ത്ര വിഭാഗം 'ഫിറ്റ്ഫോർ ലൈഫ്' പരിപാടിയുടെ ഭാഗമായി 'എൻഹാൻസിങ് ന്യൂറോപ്ലാസ്റ്റിസിറ്റി ആൻഡ് പ്രൊമോട്ടിഗ് ബ്രെയിൻ ഹെൽത്ത്' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം സംഘടിപ്പിച്ചു.

കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിലെ സെന്റർ ഫോർ ന്യൂറോസയൻസ് ഡയറക്ടറും ബയോടെക്നോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറുമായ ഡോ. ബേബി ചക്രപാണി പി. എസ് ആണ് പ്രഭാഷണം നയിച്ചത്. ഉച്ചക്ക് രണ്ടുമണിയോടെ പത്മഭൂഷൺ ഫാ. ഗബ്രിയേൽ സെമിനാർ ഹാളിൽ നടന്ന പരിപാടിയിൽ വിദ്യാർത്ഥികളും അധ്യാപകരും പങ്കെടുത്തു. ന്യൂറോ പ്ലാസ്റ്റിസിറ്റിയുടെ അടിസ്ഥാനവും പ്രാധാന്യവും,മനസ്സിനെ ആരോഗ്യകരമാക്കാനുമുള്ള പ്രായോഗിക മാർഗ്ഗങ്ങളെ കുറിച്ചുമാണ് അദ്ദേഹം പ്രധാനമായും പ്രഭാഷണം നടത്തിയത്.

## കുടുംബ മേള സംഘടിപ്പിച്ചു

തൃശൂർ: കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് യൂണിയൻ ടൗൺ യൂണിറ്റ്, പെൻഷൻകാരുടെ കുടുംബങ്ങളിൽ വിവിധ പരിപാടികളോടെ കുടുംബ സംഗമങ്ങൾ സംഘടിപ്പിച്ചു. കാലിക പ്രശ്നങ്ങളിന്മേലുള്ള ചർച്ചകൾ,കലാപരിപാടികൾ, ക്വിസ്സ് മത്സരം, സമ്മാനദാനം,സ്നേഹ വിരുന്ന് എന്നിവയുണ്ടായിരുന്നു. വിവിധ കേന്ദ്രങ്ങളിലെ ഉൽഘാടനങ്ങൾ പി.ഐ. സൈമൺ മാസ്റ്റർ, എം. രവീന്ദ്രൻ, ജോർജ്ജ് പോൾ, പി.ശിവദാസ്, ആർ. വി. അലിഎന്നിവർ നിർവ്വഹിച്ചു.

ചർച്ചകൾക്ക് ഡോ യു സി ജി നമ്പൂതിരി എം.കെ ദേവകി, കെ.ഗീത ടീച്ചർ, എം.രതി ടീച്ചർ ,വി.എസ് രേവതി, കെ.ആർ ശശിധരൻ,ടി.വി. ജോസ് മാസ്റ്റർ, എം.എൻ.നരേന്ദ്രകുമാർ നേതൃത്വം നൽകി.

## ക്ഷേമനിധി ബോർഡിന്റെ തൃശ്ശൂർ ജില്ലാ ഓഫീസ് ഉദ്ഘാടനം

തൃശ്ശൂർ പുത്തൻപള്ളിക്ക് സമീപം പ്രവർത്തിച്ചിരുന്ന കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബാർഡിന്റെ തൃശ്ശൂർ ജില്ലാ ഓഫീസ് കോവിലകത്തുംപാടത്തുള്ള ബി.എസ്.എൻ.എൽ സഞ്ചാർ ഭവനിലെ അഞ്ചാം നിലയിലെ എ-ബ്ലോക്കിലേക്ക് മാറി പ്രവർത്തനം ആരംഭിച്ചിതിന്റെ ഉദ്ഘാടനം ബോർഡ് ചെയർമാൻ മുൻ എംഎൽഎ കെ.കെ. ദിവാകരൻ നിർവ്വഹിച്ചു. ബോർഡ് ഡയറക്ടർ കെ.ജെ. സ്റ്റാലിൻ അദ്ധ്യക്ഷത വഹിച്ചു. തൃശ്ശൂർ ജില്ലാ ഓഫീസിൽ നിന്നും നിലവിലെ ഏറ്റവും കൂടിയ പെൻഷൻ തുകയായ 9050/രൂപ കൈപ്പറ്റുന്ന അനിൽ കുമാറിനെ ചടങ്ങിൽ ബോർഡ് ചെയർമാൻ ആദരിച്ചു. സി രാധാകൃഷ്ണന്റെ 6,49,088/ രൂപയ്ക്കുള്ള റിഫണ്ട് ഉത്തരവ് ബോർഡ് ഡയറക്ടർ ഗോപിനാഥൻ കൈമാറി. ക്ഷേമനിധി ബോർഡ് ജില്ലാതല ഉപദേശസമിതി അംഗങ്ങളായ കെ.വി ഹരിദാസ്, കെ.കെ ഹരിദാസ്, എ.ടി. ജോസ്, എ.സി.കൃഷ്ണൻ, മുഹമ്മദ് അജി ഫ്രാൻസിസ്, മുജീബ് റഹ്മാൻ, പി.എ സേതുമാധവൻ, ജോൺസൻ പയ്യപ്പള്ളി, ബി.എസ്.എൻ.എൽ സബ് ഡിവിഷൻ എഞ്ചിനീയർ ദീപക് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.




ചേർപ്പ്: പെരിഞ്ചേരി എ എൽ പി സ്കൂളിൽ നവംബർ 14ന് ശിശുദിനത്തോടനുബന്ധിച്ച് നടത്തിയ കിഡ്സ് ഫെസ്റ്റ് പരിപാടിയിൽ സിനിമാഗാനവും നാടൻ പാട്ടും പാടി സമ്മാനം വാങ്ങിയ **മിഴി സി ജെ.** പാലക്കൽ ചങ്കരം പുറത്ത് ജോഷിയുടെയും മഞ്ജുവിന്റെയും മകളാണ്.

# മെഗാ വായ്പാ മേള നടത്തി




പുതുക്കാട് : മുകുന്ദപുരം താലൂക്ക് വ്യാപകാതിർത്തിയായിട്ടുള്ള ഇരിങ്ങാലക്കുട സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ ആഭിമുഖ്യത്തിൽ ആലേങ്ങാട് VFPCK ഹാളിൽ നടന്ന മെഗാ വായ്പാ മേള തൃക്കൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് സുന്ദരി മോഹൻദാസ് ഉദ്ഘാടനം ചെയ്തു. ബാങ്ക് പ്രസിഡണ്ട് തിലകൻ പൊയ്യാറ അധ്യക്ഷത വഹിച്ചു.

VFPCK പ്രസിഡണ്ട് എം. കെ. ജനാർദ്ദനൻ, ആൻ കുഞ്ഞുമൻ, ബാങ്ക് ഡയറക്ടർമാരായ രജനി സുധാകരൻ, ഇ.വി. മാത്യൂ, കെ. എൽ. ജെയ്സൻ, സെക്രട്ടറി കെ.എസ്. ശ്രീജിത്ത് എന്നിവർ പ്രസംഗിച്ചു.

## ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി

തൃശൂർ: ഐക്യരാഷ്ട്ര സംഘടനയുടെ ഭക്ഷ്യ കാർഷിക സംഘടന (എഫ്. എ. ക്യു) ലോക വ്യാപകമായി സംഘടിപ്പിച്ചുവരുന്ന കാർഷിക സെൻസസിന്റെ ഭാഗമായി ഇന്ത്യയിൽ നടത്തിവരുന്ന പതിനൊന്നാമത് കാർഷിക സെൻസസിന്റെ രണ്ടും മൂന്നും ഘട്ട വിവരശേഖരണം 2024 ഡിസംബർ മുതൽ ജില്ലയിൽ ആരംഭിക്കും.

വിവരശേഖരണ ജോലികൾ നിർവഹിക്കുന്ന ഉദ്യോഗസ്ഥർക്കുള്ള പരിശീലനം തൃശ്ശൂർ ജില്ലാ വ്യാപാരഭവൻ ഹാളിൽ വെച്ച് ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ ഉദ്ഘാടനം ചെയ്തു. സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് അഡീഷണൽ ഡയറക്ടർ ടി.പി. വിനോദൻ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ കെ സിൻസി മോൾ ആന്റണി അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ എം.പി. അനുപ്, നവകേരളം കർമ്മ പദ്ധതി (2) തൃശ്ശൂർ ജില്ല കോഡിനേറ്റർ സിദിക എന്നിവർ സംസാരിച്ചു.

## നിയന്ത്രണം വിട്ട ബൈക്ക് മറിഞ്ഞ് അപകടം

കുന്നംകുളം: കേച്ചേരി എരനെല്ലൂർ ക്രിസ്ത്യൻ പള്ളിക്കു സമീപം ഇന്ന് പുലർച്ച ബൈക്ക് നിയന്ത്രണം വിട്ട് മറിഞ്ഞ് അപകടം. അപകടത്തിൽ പരിക്ക് പറ്റിയ വേലൂർ കുട്ടൻകുളം സ്വദേശി കോട്ടയിൽ വീട്ടിൽ മണി മകൻ രാജേഷ്(42)നെ കേച്ചേരി ആകട്സ് പ്രവർത്തകർ മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

## ഡീലിമിറ്റേഷൻ: പരിശീലനം ഡിസം. 2 ന്

തൃശൂർ:കേരള സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ വിജ്ഞാപനം ചെയ്ത് പ്രസിദ്ധീകരിച്ച ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കരട് നിയോജകമണ്ഡല വിഭജന റിപ്പോർട്ടിന്മേൽ ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിശോധിക്കാൻ നിയോഗിച്ചിട്ടുളള അന്വേഷണ ഉദ്യോഗസ്ഥർക്കുള്ള പരിശീലനം ഡിസം. 2ന് തൃശ്ശൂർ കളക്ട്രേറ്റ് എക്സിക്യൂട്ടീവ് കോൺഫറൻസ് ഹാളിൽ നടത്തും. പ്രസ്തുത പരിശീലന പരിപാടിയിൽ എല്ലാ അന്വേഷണ ഉദ്യോഗസ്ഥരും പങ്കെടുക്കേണ്ടതാണെന്ന തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ കൂടിയായ ജില്ലാ കളക്ടർ അറിയിച്ചു.


പുതുക്കാട് ഫാഷൻ പെറ്റൽസിന്റെ നവീകരിച്ച പുതിയ ഷോറൂം കേരള വ്യാപാരി വ്യവസായി ഏകോപന സമിതി തൃശൂർ ജില്ലാ പ്രസിഡണ്ട് കെ വി അബ്ദുൾ ഹമീദ് ഉദ്ഘാടനം ചെയ്യുന്നു

# ഭക്ഷണം നൽകാനെത്തിയ ബാലികയെ ലൈംഗീകമായി പീഡിപ്പിക്കാൻ ശ്രമിച്ച ആൾക്ക് തടവുശിക്ഷ



തൃശൂർ: കുറുമ്പിലാവ് മാട്ടുമ്മൽ സ്വദേശി പട്ടത്ത് വീട്ടിൽ ബ്ലെസി (43) യെയാണ് തൃശൂർ ഒന്നാം അതിവേഗ വിചാരണ കോടതി (പോക്സോ സ്പെഷൻ) ജഡ്ജ് ഷെറിൻ ആഗ്നസ് ഫെർണാണ്ടസ് കുറ്റക്കാരനാണ് എന്നു കണ്ടെത്തിയത്. 2020 ലാണ് കേസിനാസ്പദമായ സംഭവം. അമ്മൂമയുടെ നിർദ്ദേശപ്രകാരം പ്രതിക്ക് ഭക്ഷണവുമായി ചെന്ന കുഞ്ഞിനെ ആണ് ടിയാൻ പീഡിപ്പിക്കാൻ ശ്രമിച്ചത്. സംഭവം ശ്രദ്ധിച്ച കുഞ്ഞിനോടൊപ്പം ഉണ്ടായിരുന്ന ബാലികയായ സഹോദരി പ്രതിയെ തള്ളി മാറ്റി കുഞ്ഞുമായി ഓടി രക്ഷപ്പെടുകയായിരുന്നു. ചേർപ്പ് പോലീസ് ആണ് കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തിയത്. ജാമ്യത്തിലിറങ്ങിയ പ്രതി മറ്റൊരു പോക്സോ കേസിൽ ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിഞ്ഞ് വരികയാണ്. ആയതിനാൽ വിചാരണ തടവുകാരനായാണ് ട്രെയൽ പൂർത്തിയാക്കിയത്. കുഞ്ഞുങ്ങളെ ഉപദ്രവിക്കുന്ന കേസുകളിൽ പല തവണ പ്രതിയാക്കപ്പെടുകയും മുൻപേ ശിക്ഷ ലഭിക്കുകയും ചെയ്ത സാഹചര്യത്തിൽ യാതൊരു ദയക്കും പ്രതി അർഹനല്ലെന്നും സമൂഹത്തിനു സന്ദേശമാകുന്ന തരത്തിൽ കടുത്ത ശിക്ഷ തന്നെ നൽകണമെന്ന പബ്ലിക് പ്രോസിക്യൂട്ടർ ലിജി മധുവിന്റെ വാദം കോടതി അംഗീകരിച്ചാണ് കോടതി ശിക്ഷ വിധിച്ചത്. പ്രതിക്ക് 12 കൊല്ലം കഠിനതടവും 2 ലക്ഷം രൂപ പിഴയുമാണ് വിധിച്ചത്.

പ്രോസിക്യൂഷനു വേണ്ടി അഡ്വ :ലിജിമധു, അഡ്വ: ശിവ പി.ആർ എന്നിവർ ഹാജരായി.


**കോടതി പരസ്യം**

**ബഹു. തൃശൂർ രണ്ടാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ**

OS: 569/2021

കാരുണ്യ കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശൂർ

-അന്യായം

തൃശൂർ താലൂക്ക് തങ്ങാലൂർ വില്ലേജ്, കാരോർ ദേശത്ത് അതിയുന്തൻ ജിനേഷ് ഭാര്യ റിജി ജിനേഷ്

- 2-ാം പ്രതി

മേൽ നമ്പ്രിൽ 2-ാം പ്രതിക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്താൻ കല്പിച്ച് മേൽ നമ്പർ കേസ് **07-02-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതും ടി കേസിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം കാലത്ത് 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 30-11-2024

അന്യായഭാഗം അഡ്വക്കെറ്റ്

**ജോയ് ഡേവീസ്**

(ഒപ്പ്)



**കോടതി പരസ്യം**

**ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ**

OS : 430/2022

ധർമ്മപ്രിയ ഫൈനാൻസിംഗ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്

-വാദി

തൃശൂർ താലൂക്ക് ചിയ്യാരം വില്ലേജിൽ ചിയ്യാരം ദേശത്ത് കാരാട്ടെ ബിജു ഭാര്യ മായ കെ എച്ച്

- പ്രതി

മേൽ നമ്പറിൽ പ്രതിക്കുള്ള സമൻസ് ബഹു. കോടതിയിലും താമസസ്ഥലത്തും പതിച്ചുനടത്തുവാൻ അനുവദിച്ച് മേൽ നമ്പർ കേസ് **10-12-2024** തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുള്ളവർ അന്നേദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണെന്ന വിവരം ഇതിനാൽ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 28-11-2024

വാദിഭാഗം അഡ്വക്കെറ്റ്

**കെ ദിലീപ്കുമാർ** (ഒപ്പ്)



**COURT NOTICE**

**BEFORE THE HON'BLE ARBITRATION TRIBUNAL SRI O. V. RAJEEV ADVOCATE, ORAYAMPURATH HOUSE, AYYANTHOLE SOUTH, NEAR NEW COURT COMPLEX THRISSUR - 680003**

**ACP No. 410/2024**

Maben Nidhi Ltd.,No: IV/709B,1st Floor, JP Mart, Near High School Jn., Valappad.P.O., Thrissur-680 567

-Petitioner

1 **Mr. Sijin Das,** Aged 37 years, S/o.Mohanan,Kovilparamb House, SN Puram,Panangad PO, Thrissur District, Kerala, PIN - 680665

2 **Mrs. Akhila T A ,** Aged 25 years, D/o. Ashokan, Thumbarathy House, Pulipparakunnu,Kodakara,Thrissur District, Kerala, PIN – 680684

3. **Mrs. Omana,** Aged 62 years, D/o. Appu,Panikkaveetil House,Panangad School,Panangad ,Thrissur District,Kerala, PIN – 680665

- Respondents

The above numbered case is posted to **09.12.2024** for hearing and appearance of the Respondents.If the respondents have any objection in the matter can appear before the Hon'ble Arbitrator at 2 P.M on the same day. Otherwise the Arbitrator will pass an exparte award.

For petitioner, Legal Officer



**COURT NOTICE**

**BEFORE THE HON'BLE ARBITRATION TRIBUNAL SRI O. V. RAJEEV ADVOCATE, ORAYAMPURATH HOUSE, AYYANTHOLE SOUTH, NEAR NEW COURT COMPLEX THRISSUR - 680003**

**ACP No. 406/2024**

Maben Nidhi Ltd.,No: IV/709B,1st Floor, JP Mart, Near High School Jn., Valappad.P.O., Thrissur-680 567

-Petitioner

1.**Mrs. Rajani,** Aged 52 years, W/o Velayudhan, CheerakuzhiParambil (H),Thozhookara, Thalakassery P O, Palakkad Dist. Kerala-679534

2 **Mr. Subash**, Aged 34 years, S/o Velayudhan, CheerakuzhiParambil (H), Thozhookara, Thalakassery PO, Palakkad Dist.Kerala-679534

3. **Mr. Subeesh,** Aged 30 years, S/o Velayudhan, Cheerakuzhi Parambil (H),Thozhookara, Thalakassery PO, Palakkad Dist.Kerala-679534

- Respondents

The above numbered case is posted to **09.12.2024** for hearing and appearance of the Respondents.If the respondents have any objection in the matter can appear before the Hon'ble Arbitrator at 2 P.M on the same day. Otherwise the Arbitrator will pass an exparte award.

For petitioner, Legal Officer



**COURT NOTICE**

**BEFORE THE HON'BLE ARBITRATION TRIBUNAL SRI O. V. RAJEEV ADVOCATE, ORAYAMPURATH HOUSE, AYYANTHOLE SOUTH, NEAR NEW COURT COMPLEX THRISSUR - 680003**

**ACP No. 398/2024**

Maben Nidhi Ltd.,No: IV/709B,1st Floor, JP Mart, Near High School Jn., Valappad.P.O., Thrissur-680 567

-Petitioner

1. **Mrs. Chandhana S,** aged 32 years, W/o. Vipin KK, Radhikalayam (H), Mattannur P O, Charassery, Kannur District, Kerala, PIN - 670702

2. **Mrs. ReenaKumari,** aged 56 years, W/o Chithrangadhan, KunnothMeethal (H), Kuruvangad P O, Quilandy Bazar,Kozhikode District, Kerala, PIN - 673620

3. **Mr. Chandru S,** aged 29 years, S/o. Chithrangadhan, KunnothMeethal (H), Kuruvangad P O, Quilandy Bazar,Kozhikode District, Kerala, PIN - 673620

- Respondents

The above numbered case is posted to **09.12.2024** for hearing and appearance of the Respondents.If the respondents have any objection in the matter can appear before the Hon'ble Arbitrator at 2 P.M on the same day. Otherwise the Arbitrator will pass an exparte award.

For petitioner, Legal Officer



**COURT NOTICE**

**BEFORE THE HON'BLE ARBITRATION TRIBUNAL SRI O. V. RAJEEV ADVOCATE, ORAYAMPURATH HOUSE, AYYANTHOLE SOUTH, NEAR NEW COURT COMPLEX THRISSUR - 680003**

**ACP No. 416/2024**

Maben Nidhi Ltd.,No: IV/709B,1st Floor, JP Mart, Near High School Jn., Valappad.P.O., Thrissur-680 567

-Petitioner

1. **Mrs. Jubaida** , Aged 36 years, D/o.Mohammed,Baladuka (H), Nekraje ,Nekraje PO, Kasaragod District,Kerala, PIN – 671543

2. **Mr. Mohammed Musthafa,** Aged 35 years, S/o. Facruddeen, Baladuka(H), Nekraje, Nekraje PO, Kasaragod District, Kerala, PIN - 671543

3. **Mr. Ashique A,** Aged 34 years, S/o. Hassainar, Karingapallam (H), Paika, Nekraje PO, Kasaragod District,Kerala, PIN – 671543

- Respondents

The above numbered case is posted to **09.12.2024** for hearing and appearance of the Respondents.If the respondents have any objection in the matter can appear before the Hon'ble Arbitrator at 2 P.M on the same day. Otherwise the Arbitrator will pass an exparte award.

For petitioner, Legal Officer